(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ തുക തടഞ്ഞു വെച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ തുക കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സെസ് ഇനത്തിൽ സേവന നിധിയിലേക്ക് ലഭിക്കേണ്ട തുക കൃത്യമായി ലഭിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇത് കൃത്യമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിൽ ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (RE&CS) ആക്ട് 1996 നിലവിൽ വന്നശേഷം അംഗമായി ചേർന്നവർക്ക് അംശദായമായി അടച്ച തുക അവർ പെൻഷൻ പററി പിരിയുമ്പോഴം തിരികെ നൽകാൻ വ്യവസ്ഥയില്ല. അതിനാൽ ടി ആക്ട് നിലവിൽ വന്നതിനുശേഷം അംഗത്വമെടുത്ത തൊഴിലാളികൾക്ക് അവർ പെൻഷനാകുമ്പോഴം അവർ അടച്ച അംശദായ തുക തിരികെ നൽകുന്നില്ല. എന്നാൽ 1989-ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമം സെക്ഷൻ 13 പ്രകാരം അംഗമായി ചേർന്നവർക്ക് അംശദായ തുക തിരികെ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 1996-ലെ ആക്ട് നിലവിൽ വന്നശേഷം അംഗത്വമെടുത്ത തൊഴിലാളികൾക്ക് 60 വയസ് പൂർത്തിയാക്കി പെൻഷന് അർഹത നേടുമ്പോഴം അവർ അടച്ച തുകയും പലിശയും നൽകിവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും ആയത് ചട്ടവിരുദ്ധമാണെന്നും അക്കൗണ്ടൻറ് ജനറലിൻെറ ആഡിററ് വിഭാഗം ചൂണ്ടിക്കാണിച്ചതിൻെറ അടിസ്ഥാനത്തിലാണ് ഇത് നിർത്തിവയ്ക്കേണ്ടി വന്നിട്ടുള്ളത്.

(സി) ടി അംശദായ തുക തിരികെ അംഗ തൊഴിലാളികൾക്ക് നൽകുന്നതിലേയ്ക്കായി ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (RE & CS) റൂൾസ് 1998-ലെ ചാപ്റ്റർ 31-ലെ 303-ം ഉപവകുപ്പ് ഭേദഗതി ചെയ്താൽ മാത്രമേ കഴിയൂ.

(ഡി, ഇ) കുടിശ്ശികയുണ്ട്. അത് പിരിച്ചെടുക്കുവാൻ ഊർജ്ജിത ശ്രമം നടത്തിവരികയാണ്. ലേബർ കമ്മീഷണർ തലത്തിലും സർക്കാർ തലത്തിലും ഇത് സംബന്ധമായി അവലോകന യോഗങ്ങൾ നടത്തിവരികയാണ്.

അറുപത് വയസ്സിൽ വിരമിക്കുന്ന നിർമ്മാണ തൊഴിലാളികൾക്ക് അംശദായ തുകയും പലിശയും നൽകുന്നതിന് നടപടി

49 [2918] ശ്രീ ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽനിന്ന് അറുപത് വയസ്സിൽ പിരിയുന്ന അംഗങ്ങൾക്ക് അവർ അടച്ച അംശദായ തുകയും പലിശയും നൽകിവന്നത് നിർത്തിവച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ നിർത്തിവെച്ചതിന്റെ കാരണം വിശദമാക്കാമോ;

(സി) തൊഴിലാളികൾ അടച്ച അംശദായ തുക അവർക്കുതന്നെ തിരിച്ചു കിട്ടാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത്;

(ഡി) ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ നിർമ്മാണ തൊഴിലാളികൾക്ക് നിലവിലുള്ള നിയമപ്രകാരം ഏതെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാവുകയെന്ന് വ്യക്തമാക്കാമോ;

(ഇ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ എണ്ണം ജില്ല തിരിച്ച് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ബോർഡിൽ 1998-ലെ ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെൻറ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് (സെൻട്രൽ ആക്ട്, 27 ഓഫ് 1996) നിലവിൽ വന്നശേഷം അംഗമായി ചേർന്നവർ അംശദായമായി അടച്ച തുക അവർ പെൻഷൻ പററി പിരിയുന്ന സന്ദർത്തിൽ തിരികെ നൽകാൻ വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ ടി ആക്ട് നിലവിൽ വന്നതിനുശേഷം അംഗത്വമെടുത്ത തൊഴിലാളികൾക്ക് അവർ പെൻഷനാകുമ്പോൾ അവർ അടച്ച അംശദായ തുക തിരികെ നൽകുന്നില്ല. എന്നാൽ 1989-ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമം സെക്ഷൻ 13 പ്രകാരം അംഗമായി ചേർന്നവർക്ക് അംശദായ തുക തിരികെ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 1998-ലെ ആക്ട് നിലവിൽ വന്നശേഷം അംഗത്വമെടുത്ത തൊഴിലാളികൾക്ക് 60 വയസ്സ് പൂർത്തിയായി പെൻഷന് അർഹത നേടുമ്പോൾ അവർ അടച്ച തുകയും പലിശയും നൽകിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് ചട്ടവിരുദ്ധമാണെന്നും അക്കൗണ്ടൻറ് ജനറലിന്റെ ആഡിറ്റ് വിഭാഗം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത് നിർത്തിവയ്ക്കേണ്ടി വന്നിട്ടുള്ളത്.

(സി) ടി അംശദായ തുക തിരികെ അംഗതൊഴിലാളികൾക്ക് നൽകുന്നതിലേക്കായി ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെൻറ് ആൻറ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസ് 1998-ലെ ചാപ്റ്റർ 31-ലെ 303-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) ടി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് നിലവിലുള്ള നിയമപ്രകാരം പെൻഷൻ, കുടുംബ പെൻഷൻ, അവശത പെൻഷൻ, മരണാനന്തര ചിലവിനുള്ള ധനസഹായം, മരണാനന്തര ധനസഹായം, അപകടമരണ ധനസഹായം, ചികിൽസാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനന്തര ധനസഹായം, സ്കോളർഷിപ്പ്, കൃഷ് അവാർഡ്, എൻട്രൻസ് കോച്ചിംഗ് ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജില്ല തിരിച്ചുള്ള ക്ഷേമനിധി അംഗങ്ങളുടെ എണ്ണം ഇപ്രകാരമാണ്:

1.	തിരുവനന്തപുരം	198219
2.	കൊല്ലം	76824
3.	ആലപ്പുഴ	50454
4.	പത്തനംതിട്ട	45106
5.	കോട്ടയം	46453
6.	ഇടുക്കി	36451
7.	എറണാകുളം	91515
8.	തൃശ്ശൂർ	93428
9.	പാലക്കാട്	122219
10.	മലപ്പുറം	92773
11.	കോഴിക്കോട്	91971
12.	വയനാട്	12174
13.	കണ്ണൂർ	117957
14.	കാസർഗോഡ്	33176

പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾ

50 [2919] ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; ഇതിൽ സ്ത്രീ തൊഴിലാളികൾ എത്രയാണ്;

(ബി) ഏതൊക്കെ പ്ലാന്റേഷനുകൾ എത്ര തൊഴിലാളികൾക്ക് വീതം തൊഴിൽ നൽകുന്നു എന്നറിയിക്കുമോ;

(സി) എത്ര പ്ലാന്റേഷനുകൾ ലോക്കൗട്ട് ചെയ്യപ്പെട്ടു കിടക്കുകയാണെന്നും അവ ഏതൊക്കെയാണെന്നും ലോക്കൗട്ട് വഴി എത്ര തൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതായെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരളത്തിലെ രജിസ്റ്റേർഡ് പ്ലാന്റേഷൻ മേഖലയിൽ ആകെ 153370 തൊഴിലാളികൾ ജോലി ചെയ്യുന്നു. അതിൽ 81822 പേർ സ്ത്രീ തൊഴിലാളികളാണ്.

(ബി) വിശദവിവരം താഴെക്കാണിച്ചിരിക്കുന്നു:

തൊഴിലാളികളുടെ എണ്ണം

ഇനം	പുരുഷൻ	സ്ത്രീ	കൗമാരക്കാർ	ആകെ
തേയില	30500	38981	453	69934
കാപ്പി	11617	14765	54	26436
റബ്ബർ	15740	11808	3	27551
ഓയിൽപാം	479	595	..	1074
ഏലം	11955	15205	56	27216
കൊക്കോ	691	468	..	1159
ആകെ	70982	81822	566	153370

LIBRARY ARCHIVES Kerala Legislative Assembly